# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5453**

**28.07.2015 - ൽ മറുപടിക്ക്**

## നാളികേര നീര ബോർഡ്

**ചോദ്യം**

**ശ്രീ.വി.എസ്.സുനിൽ കുമാർ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.കെ.അജിത്**
**ശ്രീ.ചിറ്റയം ഗോപകുമാർ**

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് നാളികേര നീര ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബോർഡിന്റെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ; | എ) സർക്കാർ ഉത്തരവ് (എം.എസ്.)നം.66/2014/നികുതി വകുപ്പ്, തീയതി 13/05/2014 പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായുമാണ് നാളീകേര-നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. തുടർന്ന് നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് പുറപ്പെടുവിച്ച 22/06/2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം. 111/2015/കൃഷി പ്രകാരം നീര മാർക്കറ്റിംഗ് പ്രമോട്ട് ചെയ്യുക എന്ന മുഖ്യ ചുമതലയാണ് നാളികേര നീര ബോർഡിനു നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**